# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *327** | **12/ 12/ 2018-ൽ മറുപടിക്ക്**

### ആന്റിബയോട്ടിക്കുകളുടെ അമിത ഉപഭോഗം

**ചോദ്യം**

**ശ്രീ.ടി. വി. ഇബ്രാഹിം**
**,, കെ.എൻ.എ ഖാദർ**
**,, സി.മമ്മൂട്ടി**
**,, ടി.എ.അഹമ്മദ് കബീർ**

എ) സംസ്ഥാനത്ത് ആന്റി- ബയോട്ടിക്കുകളുടെ അമിത ഉപഭോഗം ക്രമേണ കുറച്ചുകൊണ്ടു- വരത്തക്കവിധം എന്തെങ്കിലും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) ആന്റിബയോട്ടിക്കുകളുടെ അമിതമായ ഉപയോഗവും ദുരുപയോഗവും കാരണമുണ്ടാകുന്ന അത്യാപത്തുകൾ നേരിടുന്നതിന് ആരോഗ്യ പ്രവർത്തകരേയും ജനങ്ങളേയും സജ്ജമാക്കുന്നതിന് കേരള ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് സ്റ്റാറ്റജിക് ആക്ഷൻ പ്ലാൻ (KARSAP – Kerala Antimicrobial Resistance Strategic Action Plan) 2018 ഒക്ടോബർ 25 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രകാശനം ചെയ്തു.

ലോകാരോഗ്യ സംഘടനയുടെ സഹകരണത്തോടെ ആരോഗ്യം, മൃഗ- സംരക്ഷണം, ഫിഷറീസ്, കൃഷി, പരിസ്ഥിതി എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് One health Programme ന്റെ കീഴിൽ വരുന്ന ഈ കർമ്മപദ്ധതിയിൽ പ്രധാനമായും ആറ് (6) ഘടകങ്ങളാണ് ഉള്ളത്.

1. ആന്റിബയോട്ടിക്കുകളുടെ അനിയന്ത്രിതമായ ഉപയോഗത്തെപ്പറ്റിയും, പൊതുവായ ശുചിത്വത്തെപ്പറ്റിയും പൊതുജനങ്ങൾക്കിടയിലെ അവബോധ പ്രവർത്തനങ്ങൾ
2. സംസ്ഥാനത്ത് AMR (Anti Microbial Resistance) ന്റെ തോത് കണക്കാക്കാനുള്ള നിരീക്ഷണ സംവിധാനങ്ങൾ
3. ആശുപത്രികളിലെ അണുബാധ നിയന്ത്രണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ
4. ആശുപത്രികളിലെ ആന്റി- ബയോട്ടിക്കുകളുടെ ഉത്തരവാദിത്വത്തോടുള്ള ഉപയോഗത്തിനു വേണ്ടി ആന്റിബയോട്ടിക് സ്റ്റുവാർഡ്ഷിപ്പ് (Antibiotic Stewardship) കമ്മിറ്റികളുടെ രൂപീകരണം
5. ആന്റിബയോട്ടിക്കുകൾ പ്രതിരോധിക്കുന്ന ബാക്ടീരിയകൾ ഉയർത്തുന്ന വെല്ലുവിളികൾ

അണുബാധ നിയന്ത്രണം, രോഗനിർണ്ണയം തുടങ്ങിയ മേഖലകളിലെ ഗവേഷണം

6. AMR മേഖലയിലെ വൈദഗ്ധ്യമുള്ള എൻ.ജി.ഒ.കളുമായുള്ള സർക്കാർ സ്വകാര്യ പങ്കാളിത്തം

കൂടാതെ ആശുപത്രികളിൽ നിലവിൽ ഉള്ള ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റികൾ മുഖേന റേഷണൽ യൂസ് ഓഫ് ആന്റിബയോട്ടിക്സിനെപ്പറ്റി ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നു. ഇത് കൂടാതെ ആന്റിബയോട്ടിക്സ് റെസിസ്റ്റൻസിനെപ്പറ്റിയും ഇൻഫെക്ഷൻ കൺട്രോൾ പ്രാക്ടീസിനെപ്പറ്റിയും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നു. ഒരു ജില്ലയിൽ ഒന്ന് എന്ന നിലയ്ക്ക് ജില്ലാ ആശുപത്രികളിൽ മൈക്രോബയോളജി ലാബുകൾ ആരംഭിക്കുവാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2018-19 -ൽ ആറ് ജില്ലാ ആശുപത്രികളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്) ഓട്ടോമേറ്റഡ് ബ്ലഡ് കൾച്ചർ സിസ്റ്റം നിലവിൽ വരുന്നതോടെ കൾച്ചർ സെൻസിറ്റിവിറ്റി ടെസ്റ്റുകൾ സ്ഥാപനത്തിൽ തന്നെ നടത്തുകയും അണുബാധയ്ക്ക് അനുയോജ്യമായ ആന്റിബയോട്ടിക്ക് കൃത്യമായി നൽകുവാനും കഴിയും.

അനുയോജ്യമായ ആന്റിബയോട്ടിക് നൽകുന്നതുമൂലം കുറഞ്ഞ സമയം കൊണ്ട് അണുബാധ നിയന്ത്രിക്കാനും, കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ ആശുപത്രിയിൽ നിന്ന് പോകുവാനും സാധിക്കും. അഡ്മിറ്റ് ചെയ്ത സമയത്ത് തുടങ്ങിയ ആന്റിബയോട്ടിക്സ് മാറ്റുവാനും അതിൽ നിന്ന് ഉയർന്നതോ കുറഞ്ഞതോ ആയ ആന്റിബയോട്ടിക്സ് നൽകുവാനും കഴിയും. ഇത് കൂടാതെ ആശുപത്രികളിൽ ആന്റിബയോഗ്രാം ഡെവലപ്പ് ചെയ്യുവാനും സാധിക്കും.

**ബി)** ഈ പദ്ധതി ആരുടെ സഹായത്തിലും മേൽ-നോട്ടത്തിലുമാണ് നടത്താനുദ്ദേശിക്കുന്നത്; ഇതിനുണ്ടാകുന്ന ചെലവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

**ബി)** WHO യുടെയും NCDC യുടെയും ICMR ന്റെയും സഹായത്തോട് കൂടി സംസ്ഥാന ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതിനായി ഏകദേശം മൂന്ന് കോടി രൂപ കണക്കാക്കപ്പെടുന്നു.

**സി)** ഇത്തരത്തിലുള്ള പല പദ്ധതികളും ആരംഭിച്ചശേഷം അവയുടെ മോണിറ്ററിംഗ് ഫല-

**സി)** KARSAP ന് ഒരു മോണിറ്ററിംഗ് ആന്റ് ഇവാല്യുവേഷൻ സംവിധാനമുണ്ട്. ഇത് ഹ്രസ്വകാലത്തേയ്ക്കും ദീർഘകാലത്തേയ്ക്കും

പ്രദമാകാത്തതിനാൽ പരാജയപ്പെടുന്ന അവസ്ഥ ഒഴിവാക്കാൻ ഈ പദ്ധതിയിൽ പ്രത്യേകമായ ഒരു നിരീക്ഷണം നടത്താൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മോണിറ്ററിംഗ് ആന്റ് ഇവാല്യുവേഷൻ നടത്തുവാനുള്ള ക്രമീകരണങ്ങൾ സംസ്ഥാന ഗവൺമെന്റ് രൂപവത്ക്കരിച്ചിട്ടുണ്ട്. KARSAP ന്റെ ഭാഗമായിട്ട് AMR( Antimicrobial Resistance) core committee രൂപീകരിച്ചിട്ടുണ്ട്. KARSAP ന്റെ നോഡൽ സെന്ററായി പ്രവർത്തിക്കുന്നത് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജാണ്. KARSAP ന്റെ മോണിറ്ററിംഗ് ആന്റ് ഇവാല്യുവേഷൻ ഫ്രയിം വർക്കിന്റെ മേൽ നോട്ടം വഹിക്കുന്നത് AMR core committee യാണ്. അതാത് ആശുപത്രികളിൽ രൂപീകരിച്ചിട്ടുള്ള Antimicrobial stewardship committee വഴിയാണ് ആന്റിബയോട്ടിക്കിന്റെ ഉപയോഗവും ദുരുപയോഗവും പറ്റിയുള്ള രേഖകൾ core committee ശേഖരിക്കുന്നത്. ഈ രേഖകൾ ക്രോഡീകരിച്ചിട്ട് state Government ഉം NCDC യുമായിട്ട് പങ്ക് വയ്ക്കും.

സെക്ഷൻ ഓഫീസർ